## പെൻഷൻ

1. ബാങ്കിന്റെ പ്രവർത്തനപരിധിക്ക് പുറത്ത് സ്ഥിരമായി താമസിക്കുകയോ വിവാഹം ചെയ്ത് അന്യദേശങ്ങളിൽ താമസിക്കുകയോ ചെയ്യുന്ന അംഗങ്ങൾക്ക് യാതൊരു കാരണവശാലും ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.
2. പെൻഷൻ വാങ്ങുന്നതിന് അംഗം നേരിട്ട് ബാങ്ക് വരേണ്ടതും അപ്രകാരം വരാൻ സാധിക്കാത്ത അവസരത്തിൽ ബന്ധപ്പെട്ട ഭരണസമിതിയംഗത്തിന്റെ സാന്നിദ്ധ്യത്തിൽ അധികാരപ്പെടുത്തിയ ആൾക്ക് സംഖ്യകൈപറ്റാവുന്നതാണ്.
3. March.മാസം 31-ാം തിയതി ഫണ്ടിൽ ബാക്കി നിൽപ്പ് സംഖ്യയും ബാങ്കിലെ ഒരു വർഷത്തെ സ്ഥിര നിക്ഷേപത്തിന്റെ പലിശ നിരക്കിൽ പലിശകണക്കാക്കി ഫണ്ടിൽ ചേർക്കേണ്ടതാണ്.

## ആശ്രയ പെൻഷൻ പദ്ധതി, ഉപനിബന്ധനകൾ

1. ഈ പദ്ധതിയുടെ പേര് ആശ്രയ പെൻഷൻ പദ്ധതി എന്നറിയപ്പെടുന്നതാണ്.
2. ഈ പദ്ധതിയുടെ ആനുകൂല്യം ബാങ്കിലെ 'എ' ക്ലാസ് അംഗങ്ങൾക്ക് മാത്രമായിരിക്കും. 70 വയസ്സ് പൂർത്തിയായവരും ബാങ്കിൽ അംഗത്വമെടുത്ത് 10-ാം വർഷം പിന്നിട്ടവർക്കുമാണ് ഈ പദ്ധതി പ്രകാരം ആദ്യം പെൻഷൻ നൽകി തുടങ്ങുന്നത്. തുടർന്ന് ഓരോ വർഷവും ഡിസംബർ 31-ാം തിയ്യതിയിൽ 70 വയസ്സ് കഴിഞ്ഞ, 10 വർഷം പിന്നിട്ട എ ക്ലാസ്സ് അംഗങ്ങൾക്കും ഈപദ്ധതിയുടെ ആനുകൂല്യം നൽകുന്നതാണ്
3. ഈ പദ്ധതി പ്രകാരം അർഹരായ അംഗങ്ങൾക്ക് പ്രതിവർഷം ഒരിക്കൽ മാത്രം 1500/- (ആയിരത്തി അറ് രൂപ മാത്രം) വീതം മരണം വരെ പെൻഷൻ ആനുകൂല്യം നൽകുന്നതാണ്.
4. ഈ ആനുകൂല്യത്തിന് അർഹരായവർ ബാങ്കിൽ അപേക്ഷ നൽകി പേര് രജിസ്റ്റർ ചെയ്യേണ്ടതും അപ്രകാരം രജിസ്റ്റർ ചെയ്യുന്ന അംഗങ്ങളിൽ മേൽ വ്യവസ്ഥകൾക്ക് അർഹരായവർക്ക് ബറണസമിതി തീരുമാനപ്രകാരം ഒരു പെൻഷൻ കാർഡ് നൽകുന്നതാണ്.
5. 70 വയസ്സ് പൂർത്തിയായി എന്നുള്ളതിന് തെളിവിനായി അംഗങ്ങൾ മതിയായ രേഖകൾ ഹാജരാക്കേണ്ടതാണ്.
6. വയസ്സ് സംബന്ധമായി തെറ്റായ രേഖകൾ ഹാജരാക്കി ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം അന്യായമായി കൈപറ്റുകയോ, കൈപ്പറ്റുവാൻ ശ്രമിക്കുകയോ ചെയ്യുന്നവരുടെ പേരിൽ ബാങ്കിൽ നിന്നും സാദ്ധ്യമായ നിയമനടപടികൾ സ്വീകരിക്കുന്നതാണ്.
7. ഈ പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നതനായി ബാങ്കിന്റെ അംഗീകൃത നിയമാവലി 3 ഉപവകുപ്പ് 34, വകുപ്പ് 58 ഉപവകുപ്പ് 2 പ്രകാരം ബാങ്കിന്റെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള അറ്റാദായത്തിൽ നിന്നും സംഖ്യവകമാറ്റിയും, അംഗങ്ങളിൽ നിന്നും ഒരിക്കൽ മാത്രം പെൻഷൻ ഫണ്ടിലേക്ക് വിഹിതമായി അടയ്ക്കുന്ന സംഖ്യ രൂപ 1000/- ഉം കൂടിയുള്ള സംഖ്യ ചേർത്ത് ഒരു ഫണ്ട് സ്വരൂപിക്കേണ്ടതും പ്രസ്തുത ഫണ്ടിൽ നിന്നും മാത്രം ഈ ആനുകൂല്യം നൽകേണ്ടതാണ്. ഇതു പ്രകാരം അർഹ

രായവർക്ക് ആനുകൂല്യം നൽകുന്നതിന് മതിയായ സംഖ്യ ഫണ്ടിൽ ബാലൻസ് ഇല്ലാത്ത പക്ഷം ലഭ്യമായ തുകയുടെ ആനുപാതികമായി ആനുകൂല്യ സംഖ്യ കുറവു ചെയ്യുന്നതിന് ഭരണസമിതിക്ക് തീരുമാനിക്കാവുന്നതാണ്. ഈ പദ്ധതിപ്രകാരം ആനുകൂല്യം നൽകുന്നതിന് ബാങ്കിന്റെ പൊതു ഫണ്ടുകൾ ഉപയോഗിക്കുന്നതല്ല.

8. മേൽ ഉപനിബന്ധനയിലെ വകുപ്പ് 2 ന് വിധേയമായി ആനുകൂല്യത്തിന് അർഹരായ അംഗങ്ങൾക്ക് അതാതു വർഷം മാർച്ച് 31-ാം തിയ്യതിക്കകം ആനുകൂല്യം വിതരണം ചെയ്തിരിക്കേണ്ടതാണ്. അപ്രകാരം മാർച്ച് 31-ാം തിയ്യതിക്കകം പ്രസ്തുത ആനുകൂല്യം കൈപറ്റാൻ കഴിയാത്ത അംഗങ്ങൾക്ക് തുടർന്നുള്ള 60 ദിവസത്തിനകം (ഗ്രേസ് പിരിയഡ്) രേഖകൾ ഹാജരാക്കി സംഖ്യ കൈപറ്റാവുന്നതും ഗ്രേസ് പിരിയഡിനുശേഷം യാതൊരു കാരണവശാലും ടി വർഷത്തെ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.
9. ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിക്കുകയാണെങ്കിൽ പരാതി ഭരണസമിതി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിന് ഭരണസമിതിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.
10. ഈ പദ്ധതി പ്രകാരമുള്ള ഉപനിബന്ധനകൾക്ക് ബഹു.തൃശ്ശൂർ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) അവർകളുടെ അംഗീകാരം ലഭിച്ചാൽ മാത്രമേ നടപ്പിൽ വരികയുള്ളൂ.

മേൽ എഴുതിയ നിബന്ധനകൾ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനോ, കൂട്ടിച്ചേർക്കുന്നതിനോ, റദ്ദുചെയ്യുന്നതിനോ ഭരണസമിതിക്ക് തീരുമാനം എടുക്കാവുന്നതും എന്നാൽ അവ പ്രാബല്യത്തിൽ വരുത്തുന്നതിന് മുമ്പായി ജില്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) അവർകളുടെ അംഗീകാരം വാങ്ങിയിരിക്കേണ്ടതുമാണ്.